## സാന്ത്വനമേകാൻ അയൽകണ്ണികൾ

രോഗികളും അവരുടെ കുടുംബങ്ങളും അനുഭവിക്കുന്ന യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവരുടെ നാട്ടിൽ നിന്ന് തന്നെയുള്ള ഒരു വളണ്ടിയർക്കേ സാധിക്കൂ എന്നുള്ളത് കൊണ്ട് തന്നെ പാലിയേറ്റീവ് കെയർ വിവിധ ഏരിയകളിൽ പാലിയേറ്റീവ് കെയർ സബ്യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ ഏരിയകളിലും വളണ്ടിയർമാർ ഒറ്റക്കും കൂട്ടായും രോഗികളുടെ വീടുകൾ സന്ദർശിച്ച് കൃത്യമായ പരിചരണം നൽകുന്നു. ഇതിൽനിന്നും സാമ്പത്തികമായി വളരെ പ്രയാസപ്പെടുന്ന രോഗികളെ കണ്ടെത്താനും അവർക്കും അവരുടെ കുടുംബത്തിനും ഭക്ഷണം, വസ്ത്രം, കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ എന്നിവക്ക് വേണ്ട സഹായങ്ങൾ നൽകാനും സാധിക്കുന്നു.



**രോഗം മൂലം ദുരിതമനുഭവിക്കുന്നവരുടെ അരികിൽ അൽപസമയം ഇരിക്കാൻ താങ്കളുടെ തിരക്കുപിടിച്ച ജീവിതത്തിൽ ഒരംശമെങ്കിലും ചെലവഴിക്കാൻ തയ്യാറാണോ?**
**ക്ലിനിക്കിന്റെ വിവിധ പദ്ധതികളിൽ പങ്കാളിയാവാനും രോഗിപരിചരണത്തിൽ പരിശീലനം നേടാനും തയ്യാറുള്ളവർ ബന്ധപ്പെടുക**
**ഫോൺ: 0483 2115660, 9847582809, 9495106349**

## ഇതു മാത്രമാണ് വരുമാനം

സ്കൂൾ-കോളേജ് വിദ്യാർഥികൾ, കൂലിത്തൊഴിലാളികൾ, വ്യാപാരി വ്യവസായികൾ, അധ്യാപകർ, ഉദ്യോഗസ്ഥർ, പ്രവാസി സഹോദരങ്ങൾ, പള്ളി മഹല്ല് കമ്മിറ്റികൾ, ആരാധനാലയങ്ങൾ, സന്നദ്ധ-സാമൂഹ്യ-സാംസ്കാരിക സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിലുള്ള കരുണയുടെ ഉറവ വറ്റാത്ത ഉദാരമതികളുടെ സഹായഹസ്തങ്ങളാണ് ഈ ജീവകാരുണ്യ സംരംഭത്തിന്റെ പ്രയാണം സാധ്യമാക്കുന്നത്.

*ഉയർന്ന ഗുണനിലവാരം,*
*മിതമായ വില...*



# പാലിയം കുടകൾ

**അരയ്ക്ക് കീഴ്പോട്ട് ചലനശേഷി നഷ്ടപ്പെട്ടവർ നിർമ്മിക്കുന്ന ഉത്പന്നം**

**പാലിയേറ്റീവ് ഡേ കെയർ സെന്റർ പുളിക്കൽ**



*മറ്റു ഉത്പന്നങ്ങൾ*

- സോപ്പ്
- കാപ്പിപ്പൊടി
- കമ്മൽ
- മഞ്ഞപ്പൊടി
- ഫ്ളവർ
- മെഡിസിൻ കവർ
- ചായപ്പൊടി
- മാലകൾ

**ക്ലിനിക്കിലെ പരിചരണം പൂർണ്ണമായും സൗജന്യമാണ്. മാസംതോറും മൂന്നര ലക്ഷത്തോളം രൂപ ചെലവ് വരുന്ന ഈ സംരംഭത്തിന് ഉദാരമതികളുടെ സംഭാവനയല്ലാതെ മറ്റൊരു വരുമാനവുമില്ല.**



## നിങ്ങളുടെ സംഭാവനകൾ

ചെക്കുകളും, ഡ്രാഫ്റ്റുകളും പാലിയേറ്റീവ് കെയർ ക്ലിനിക്ക് പുളിക്കൽ എന്ന പേരിൽ എടുത്ത് താഴെ പറയുന്ന വിലാസത്തിൽ അയക്കുക.
(A/C No: 67042915434 SBT Cherukavu)
(A/C No: 6432 Pulikkal Service Co-op. Bank)


സെക്രട്ടറി
**പുളിക്കൽ പാലിയേറ്റീവ് കെയർ ക്ലിനിക്ക്**
**പുളിക്കൽ (പി.ഒ), 673637 മലപ്പുറം ജില്ല- കേരളം**
**ഫോൺ : 0483 2115660, 9847582809**
*e-mail: pklpalliative@gmail.com, www.pulikkalpalliative.com*


# രോഗം ദുരിതമായി തീർന്നവർക്കൊപ്പം...

### സാന്ത്വനസ്പർശവുമായ്...




# പുളിക്കൽ പാലിയേറ്റീവ് കെയർ ക്ലിനിക്ക്

## PULIKKAL PALLIATIVE CARE CLINIC


Pulikkal P.O - 673 637, Malappuram Dist; Kerala, India
Ph: 0483 2115660, 9847582809, 9495106349
e-mail:pklpalliative@gmail.com, www.pulikkalpalliative.com

## കിടപ്പിലായ രോഗികൾക്ക് വീടുകളിൽ എത്തി പരിചരണം

വീട്ടിൽ നിന്നും പുറത്തിറങ്ങാനാവാത്തവിധം രോഗബാധിതരായവരെ ഡോക്ടർ, നഴ്സ് വളണ്ടിയർമാർ എന്നിവരുടെ നേതൃത്വത്തിൽ വീടുകളിൽ ചെന്ന് പരിചരിക്കുന്നു. പുളിക്കൽ, പള്ളിക്കൽ, ചെറുകാവ്, ചേലേമ്പ്ര, തേഞ്ഞിപ്പലം പഞ്ചായത്തുകളിലെ രോഗികൾക്ക് ആഴ്ചയിൽ ഏഴ് ഹോംകെയർ രണ്ട് വാഹനങ്ങളിലായാണ് നടക്കുന്നത്. ഇതിനകം 1620 രോഗികൾക്ക് പരിചരണം നൽകി

## സാമൂഹ്യ പങ്കാളിത്തത്തോടെയുള്ള മാനസിക രോഗപരിചരണം

പാലിയേറ്റീവ് പരിചരണത്തിന്റെ ഭാഗമായി തന്നെ 2008ലാണ് മാനസിക രോഗികൾക്ക് നാം പരിചരണം ആരംഭിച്ചത്. മെന്റൽ ഹെൽത്ത് ആക്ഷൻ ട്രസ്റ്റിലെ(MHAT) സൈക്യാട്രിസ്റ്റുകളുടെയും സൈക്കോളജിസ്റ്റുകളുടെയും സഹകരണത്തോടെ രോഗികൾക്ക് കൃത്യമായി നാം പരിചരണം നൽകുന്നു.

ദരിദ്രരും അലഞ്ഞുതിരിഞ്ഞു നടക്കുന്നവരുമായ 151 രോഗികൾക്ക് ഇതിനകം പരിചരണം നൽകി. നിരവധി പേരെ പഴയ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ സഹകരണത്തോടെ സാധിച്ചു.

## മാനസിക രോഗികളുടെ ഡേകെയർ സെന്ററും തൊഴിൽപരമായ പുനരധിവാസവും

മാനസികരോഗ ചികിത്സയിൽ വളരെ പ്രധാനപ്പെട്ട പങ്കാണ് ഡേകെയറിനുള്ളത്. രോഗിക്ക് മരുന്ന് നൽകുന്നതോടൊപ്പം അവരുടെ നഷ്ടപ്പെട്ട കഴിവുകൾ വീണ്ടെടുക്കുന്നതിന് ഡേകെയർ പ്രധാന പങ്കുവഹിക്കുന്നു. ഓരോരുത്തരും അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും പരിശീലനങ്ങളും നൽകുന്നു. വലിയ മാറ്റമാണ് ഇത്മൂലം രോഗികൾക്ക് ഉണ്ടായിട്ടുള്ളത്. ഡേകെയറിൽ കൂടെ പലരും സ്വന്തമായി വിവിധ ജോലികളിൽ ഏർപ്പെട്ട് ജീവിതത്തിലേക്ക് തിരിച്ചുവന്നു. നാടിനും വീടിനും ബാധ്യതയായവർ എന്ന് മുദ്ര കുത്തപ്പെട്ട ഇത്തരം രോഗികൾ സമൂഹത്തിന്റെ ഭാഗമായി.



## നട്ടെല്ലിന് ക്ഷതം സംഭവിച്ച രോഗികളുടെ പകൽ വീടും തൊഴിൽ പരിശീലനവും

ആകസ്മികമായ ഒരു അപകടംകൊണ്ടോ, ഒരു വീഴ്ച കൊണ്ടോ നട്ടെല്ല് തകർന്ന് ശിഷ്ടകാലം മുഴുവൻ വീൽചെയറിലും, കട്ടിലിലും ആയി ജീവിച്ച് തീർക്കാൻ വിധിക്കപ്പെട്ട ഒരുകൂട്ടം സഹോദരങ്ങളാണ് ഇവിടെ ഒത്തുചേരുന്നത്. എല്ലാ വെള്ളിയാഴ്ചയും ക്ലിനിക്കിന്റെ വാഹനത്തിൽ ഇവരെ കൊണ്ടുവന്ന് കുടനിർമ്മാണം, സോപ്പ് നിർമ്മാണം, പേപ്പർ ബാഗ് നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയിൽ പരിശീലനം നൽകുന്നു. ഒരാഴ്ചത്തേക്ക് തൊഴിലിൽ ഏർപ്പെടാനുള്ള സാധനങ്ങളുമായാണ് ഇവർ വൈകുന്നേരം തിരിച്ചുപോകുന്നത്. ഇവർ നിർമ്മിച്ച ആയിരക്കണക്കിന് കുടകളും, സോപ്പുകളും, മറ്റുൽപ്പന്നങ്ങളും പ്രാദേശിക മായി തന്നെ വിറ്റഴിക്കാനും സ്വന്തം അദ്ധ്വാനത്തിലൂടെ വരുമാനം കണ്ടെത്താൻ ഇവരെ പ്രാപ്തരാക്കാനും ഈ കാലയളവിൽ നമുക്ക് സാധിച്ചു.

## വൃക്കരോഗികൾക്ക് സഹായങ്ങൾ

മലപ്പുറം ജില്ലാ കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റിയുമായി ചേർന്ന് പ്രദേശത്ത് നിന്ന് ഏറ്റവും അർഹരായ കിഡ്നി രോഗികളെ കണ്ടെത്താനും അവർക്ക് ഡയാലിസിസിന് വേണ്ട ധനസഹായം ലഭ്യമാക്കാനും കഴിഞ്ഞ ഏതാനും വർഷങ്ങളായി നമുക്ക് കഴിയുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷം മുതൽ കിഡ്നി മാറ്റിവെച്ച, ഭീമമായ സംഖ്യക്ക് സ്ഥിരമായി മരുന്ന് കഴിക്കുന്ന രോഗികൾക്ക് മാസംതോറും മരുന്നും, ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് ക്ലിനിക്കിൽ നിന്നും ലഭ്യമാക്കുന്ന മരുന്നിനുപുറമെ 1000 രൂപയും നൽകാൻ സാധിച്ചു. ഇതിനകം 84 രോഗികൾ ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തു.



## ലഭ്യമായ സേവനങ്ങൾ

- ചികിത്സയും മരുന്നും
- രോഗികളുടെ വീട്ടിൽ ചെന്നുള്ള പരിചരണം (ഹോംകെയർ)
- വാട്ടർബെഡ്, വീൽചെയർ, ക്രച്ചസ്, ഓക്സിജൻ സിലിണ്ടർ, കമ്മോഡ് തുടങ്ങിയ സഹായക ഉപകരണങ്ങൾ ലഭ്യമാക്കൽ.
- പാലിയേറ്റീവ് കെയർ ഒ.പി,
- മാനസിക രോഗ പരിചരണ ഒ.പി.
- റേഷൻ വിതരണം.
- രോഗികളുടെ മക്കൾക്ക് പഠനസഹായം.
- നട്ടെല്ലിന് ക്ഷതം സംഭവിച്ചും മറ്റും കിടപ്പിലായവർക്കുമുള്ള പകൽവീട്.
- മാനസിക രോഗികൾക്കുള്ള ഡേകെയർ സെന്റർ.
- കിഡ്നി രോഗികൾക്ക് കിഡ്നി പേഷ്യന്റ് വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് മാസംതോറും ഡയാലിസിസിനുള്ള സഹായം.
- കിഡ്നി മാറ്റിവെച്ച രോഗികൾക്ക് മരുന്ന് ലഭ്യമാക്കുന്നു.
- ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് മാസംതോറും ക്ലിനിക്കിൽ നിന്നും ലഭ്യമാവുന്ന മരുന്നിനു പുറമെ 1000 രൂപയും വിലപിടിപ്പുള്ള ഇഞ്ചക്ഷനുകളും നൽകുന്നു.
- വളണ്ടിയർ പരിശീലനം.




